**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 24, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ശ്രദ്ധക്ഷണിക്കൽ**

**(1) പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന പ്രകാരമുള്ള നിർമ്മാണ പ്രവൃത്തികൾ**

ശ്രീ. എ. കെ. ശശീന്ദ്രൻ: കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ പി.എം.ജി.എസ്.വൈ. പ്രകാരം സംസ്ഥാനത്ത് റോഡുകൾ നിർമ്മിച്ചു വരുന്നുണ്ടെങ്കിലും പദ്ധതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാകാത്തതിനും പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകാത്തിനും കാരണം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിശ്ചയിച്ചിട്ടുള്ള നിബന്ധനകളാണ്. പി.ഡബ്ല്യൂ.ഡി. നിരക്ക് കാലോചിതമായി പരിഷ്ക്കരിക്കണമെന്ന പരാതിയിന്മേൽ എസ്റ്റിമേറ്റ് തുകയുടെ 40 ശതമാനം വരെ വർദ്ധിപ്പിച്ചു നൽകുമെന്ന ഗവൺമെന്റ് പ്രഖ്യാപനം യാഥാർത്ഥ്യമാക്കണം. യഥാർത്ഥ നിരക്കും സർക്കാർ നിശ്ചയിക്കുന്ന നിരക്കും തമ്മിൽ വലിയ വ്യത്യാസമുണ്ട്.

സുതാര്യമായ ടെന്റർ നടപടികൾ സ്വീകരിക്കുകയും സമയബന്ധിതമായി കോർനെറ്റ് തയ്യാറാക്കി  ചീഫ് സെക്രട്ടറി കൺവീനറായ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ അംഗീകാരം നേടുകയും റേറ്റുകളിൽ പരിഷ്ക്കരണം ഉണ്ടാക്കുകയും ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ. പ്രവൃത്തിയുമായി ബന്ധപ്പെട്ട് നടക്കുന്ന ജില്ലാതല യോഗങ്ങളിൽ ബന്ധപ്പെട്ട എം.എൽ.എ.-മാരെക്കൂടി ഉൾപ്പെടുത്താൻ നടപടിയുണ്ടാകണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. സി. ജോസഫ്)</u>: പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചതും ഇപ്പോൾ ഏഴാംഘട്ട റോഡ് നിർമ്മാണത്തിൽ എത്തിനിൽക്കുന്നതും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോർ നെറ്റ്വർക്ക് തയ്യാറാക്കിയതിന്റെ ഫലമായിട്ടാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പി.എം.ജി.എസ്.വൈ.-യുടെ കീഴിൽ 2008-ലെ ഷെഡ്യൂളിൽ തയ്യാറാക്കിയ 303 റോഡുകളുടെ പണി മുടങ്ങിക്കിടക്കുകയായിരുന്നു. പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡുകൾക്ക് കർശനമായ ക്വാളിറ്റി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.  25 ശതമാനവും 35 ശതമാനവും ടെന്റർ എക്സെസ്സ് നൽകാൻ തയ്യാറായിട്ടും കരാറുകാർ വർക്ക് ഏറ്റെടുക്കാത്തതിനാൽ 2010-ലെ ഷെഡ്യൂളിൽ ടെന്റർ ചെയ്ത് 42 ശതമാനം എക്സെസ്സ് കൊടുക്കുന്നതിന് മന്ത്രിസഭ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകുമെന്നുതന്നെയാണ് ഗവൺമെന്റിന്റെ പ്രതീക്ഷ. പുതുതായി ടെന്റർ ചെയ്യുന്ന റോഡുകളുടെ ലിസ്റ്റ് എം.എൽ.എ.-മാർക്ക് നൽകുന്നതാണ്.

## (2) മലയാളം സർവ്വകലാശാല

ശ്രീ. സി. പി. മുഹമ്മദ് : മലയാളം സർവ്വകലാശാല എന്ന ആശയം മലയാളിക്ക് ലോകത്തിൽ സാധ്യതകൾ പ്രയോജനപ്പെടുത്തി മുന്നേറാനുള്ള കളമൊരുക്കലാകണം. സർവ്വകലാശാലയെന്നത് മലയാളിയുടെ ജീവിതവുമായി ബന്ധപ്പെട്ട സർവ്വ ജ്ഞാനമണ്ഡലങ്ങളേയും ഉൾക്കൊള്ളുന്ന പഠന ഗവേഷണാദി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ കഴിയുന്ന ഉന്നത കേന്ദ്രമാകണം. ഭാഷാചരിത്രം, ശാസ്ത്രം, സാങ്കേതിക ശാസ്ത്രം ഉൾപ്പെടെ എല്ലാ വിഷയങ്ങളും കൈകാര്യം ചെയ്യുന്ന വിധത്തിൽ മലയാള ഭാഷയെ വികസിപ്പിക്കണം. വിവിധ ഭാഷാ വിജ്ഞാനങ്ങൾ മലയാളത്തിലേക്കും മലയാള വിജ്ഞാനങ്ങൾ ലോക ഭാഷകളിലേക്കും പരിഭാഷപ്പെടുത്തണം. മലയാള ഭാഷയിലൂടെ ലോകവിജ്ഞാനം ആർജ്ജിക്കുന്നതോടൊപ്പം അതാത് മേഖലകളിൽ കേരളത്തിന്റെ വിഭവങ്ങളും വികസന സാധ്യതകളും ആരായുന്ന ഗവേഷണങ്ങൾക്ക് പ്രമുഖ സ്ഥാനം നൽകണം. വൈജ്ഞാനിക പാരമ്പര്യവും സാംസ്ക്കാരിക വൈവിധ്യവും നാടോടി സംസ്കാരത്തിന്റെ തിരുശേഷിപ്പുകളും പഠന വിധേയമാക്കണം. തർജ്ജമ പ്രസിദ്ധീകരണ വിഭാഗം ആരംഭിക്കണം. ഭാഷകൾക്ക് വിവിധ ഫാക്കൽട്ടികളും വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളും ഡിപ്ലോമാ കോഴ്സുകളും വിദേശ മലയാളികൾക്ക് വിദൂര ഓൺലൈൻ സംവിധാനം, വിശാലമായ ക്യാമ്പസ് എന്നീ സൗകര്യങ്ങളും ഉണ്ടാകണം. മലയാളം സർവ്വകലാശാല കേരളത്തിന്റേയും മലയാളികളുടേയും അഭിമാനമായി മാറണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ആധുനിക മലയാള ഭാഷയുടെ പിതാവായ തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛന്റെ നാമധേയത്തിൽ മലയാളം സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസറായ ചീഫ് സെക്രട്ടറി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത സർവ്വകലാശാലയിൽ ഗവേഷണത്തിന് പ്രാമുഖ്യം നൽകുന്നതിനായി എം.ഫിൽ., പി.എച്ച്.ഡി. പോലുള്ള കോഴ്സുകൾ ആരംഭിക്കാനുള്ള സൗകര്യം ഒരുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സർവ്വകലാശാല യാഥാർത്ഥ്യമാകുന്നതോടുകൂടി ആധുനിക സാങ്കേതിക മികവുകൊണ്ട് ലോകമെമ്പാടും മലയാള സാഹിത്യവും സംസ്ക്കാരവും കൂടുതൽ അറിയാനും പരിചിതമാകാനുമുള്ള അവസരങ്ങൾ ഉണ്ടാകും. കോഴ്സുകൾ ലോകനിലവാരമുള്ളതാക്കാനുള്ള പ്രയത്നവും ഉണ്ടാകും. വിവിധ സംഘടനകളും സാഹിത്യകാരന്മാരും സർക്കാരിന് നൽകിയ നിർദ്ദേശങ്ങൾ സർവ്വകലാശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്ന സന്ദർഭത്തിൽ വിശദമായി പരിഗണിക്കാൻ ആവശ്യപ്പെടുന്നതാണ്.

## സബ്മിഷൻ

### (1) സിമന്റ് വിലവർദ്ധനവ്

ശ്രീ. അൻവർ സാദത്ത്: സിമന്റിന്റെ വിലവർദ്ധനവ് തടയുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ഒരു വില നിയന്ത്രണ അതോറിറ്റി രൂപീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വേണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സിമന്റിന്റേയും മണലിന്റേയും വില വർദ്ധനവ് നിയന്ത്രിക്കാൻ സംസ്ഥാന സർക്കാരിന് കാര്യമായൊന്നും ചെയ്യാൻ കഴിയുന്നില്ല. മാർക്കറ്റ് ട്രെൻഡും അസംസ്ക്കൃത വസ്തുക്കളുടെ വിലയും പരിഗണിച്ചാണ് സിമന്റിന്റെ വില നിശ്ചയിക്കുന്നത്. മാർക്കറ്റ് ട്രെൻഡ് അനുസരിച്ച് 2012 ജൂൺ മാസത്തിൽ സിമന്റിന് 5 രൂപ വില കുറച്ചെങ്കിലും ഇപ്പോൾ യാതൊരു നിയന്ത്രണവുമില്ലാതെ വില വർദ്ധിക്കുകയാണ്. ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രമിക്കുന്നതും സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്നത് ചെയ്യുന്നതുമാണ്.

### (2) വാർദ്ധക്യകാല പെൻഷനുള്ള പ്രായപരിധി

ശ്രീ. എൻ.എ നെല്ലിക്കുന്ന്: കേന്ദ്ര സർക്കാരിന്റെ ഇന്ദിരാഗാന്ധി നാഷണൽ ഓൾഡേജ് പെൻഷൻ പദ്ധതി ആനുകൂല്യത്തിനുള്ള പ്രായപരിധി 60 ആക്കി കുറച്ച് അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വാർദ്ധക്യകാല പെൻഷന് കേന്ദ്ര സർക്കാരിന്റെ പരിഷ്ക്കരിച്ച മാനദണ്ഡങ്ങൾ സ്വീകരിക്കണമെന്നത് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയാണ്. പ്രസ്തുത മാനദണ്ഡങ്ങൾ

പ്രകാരം ഗുണഭോക്താക്കളുടെ പ്രായപരിധി 60 വയസ്സാക്കി കുറയ്ക്കുന്നതിനും 80 വയസ്സിനു മുകളിലുള്ളവരുടെ പെൻഷൻ 900 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

### (3) മരച്ചീനി സംഭരണം

ശ്രീ. ഇ.പി. ജയരാജൻ: ഹോർട്ടി കോർപ്പ് മുഖേന 15 രൂപ നിരക്കിൽ മരച്ചീനി സംഭരിക്കാനും കന്നുകാലിത്തീറ്റ-കോഴിത്തീറ്റ ഫാക്ടറിക്ക് അസംസ്കൃത വസ്തുവായി ഉപയോഗിക്കാനും മരച്ചീനി കൃഷിക്കാരെ സംരക്ഷിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കൊല്ലം ജില്ലയിലും സംസ്ഥാനത്തെ മറ്റു സ്ഥലങ്ങളിലും മരച്ചീനി കുറഞ്ഞ വിലയ്ക്കുമാത്രമേ വിൽപ്പന നടത്താൻ സാധിക്കുന്നുള്ളൂവെന്ന് കണ്ടതിന്റെ പശ്ചാത്തലത്തിൽ ഹോർട്ടികോർപ്പ് മുഖേന 12 രൂപയ്ക്ക് മരച്ചീനി സംഭരിക്കാനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഒരു മരച്ചീനി സംസ്ക്കരണ മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റും സദാനന്ദപുരത്ത് ഒരു സ്റ്റാർച്ച് ഫാക്ടറിയും ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### (4) കടലാക്രമണം തടയാൻ നടപടി

ശ്രീ. വി. ശിവൻകുട്ടി: നേമം നിയോജകമണ്ഡലത്തിലെ പനത്തുറക്കര പ്രദേശത്ത് അനുഭവപ്പെടുന്ന കടലാക്രമണം നേരിടാൻ എട്ട് പുലിമുട്ടുകൾകൂടി സ്ഥാപിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): രൂക്ഷമായ കടലാക്രമണം അനുഭവപ്പെടുന്ന പനത്തുറക്കരയിൽ ഐ.ഐ.റ്റി മദ്രാസിന്റെ പഠന

റിപ്പോർട്ട് പ്രകാരം രണ്ട് പുലിമുട്ടുകളുടെ നിർമ്മാണം പൈലറ്റ് പ്രോജക്ടായി സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. എട്ട് പുലിമുട്ടുകളുടെ നിർമ്മാണത്തിനായുള്ള 14.90 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സെൻട്രൽ വാട്ടർ കമ്മീഷന് സമർപ്പിക്കുകയും ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിൽ 14 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2010 പ്രകാരം പുതുക്കിയ പദ്ധതി റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്.

### (5) <u>വാട്ടർ അതോറിറ്റി ഏറ്റെടുത്ത റോഡുകൾ</u>

<u>ശ്രീമതി ഗീതാ ഗോപി:</u> നാട്ടിക നിയോജകമണ്ഡലത്തിലെ താന്ന്യം ഗ്രാമപഞ്ചായത്തിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ഏറ്റെടുത്ത റോഡുകൾ പി.ഡബ്ള്യു.ഡി.-യെ തിരിച്ചേൽപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. പി.ജെ. ജോസഫ്</u>): ഗുരുവായൂർ-ചാവക്കാട് നഗരസഭകൾക്കായുള്ള യൂഡിസ്മാറ്റ് പദ്ധതിയുടെ പാക്കേജ് രണ്ടിൽ വെള്ളാനി മുതൽ ഏങ്ങണ്ടിയൂർ വരെയുള്ള 21 കിലോമീറ്റർ ഭാഗത്താണ് പൈപ്പ് സ്ഥാപിച്ചിട്ടുള്ളത്. ഇതിനുവേണ്ടി വാട്ടർ അതോറിറ്റി ഏറ്റെടുത്ത പി.ഡബ്ള്യൂ.ഡി. റോഡുകളുടെ മെറ്റലിംഗ് പണികൾ ഈ ജൂലൈ 28-ാം തീയതിയോടെയും ടാറിംഗ് ജോലികൾ നവംബർ മാസം അവസാനത്തോടെയും പൂർത്തിയാക്കിയശേഷം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതാണ്.

**(6) <u>കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ</u>**

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിനും കൊപ്ര സംഭരിക്കുന്നതിനും കർഷക പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിനും കർഷക സംഘടനകളുമായി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ):</u> നെല്ലിന്റെ താങ്ങുവില ഉയർത്താനും സംഭരിച്ച നെല്ലിന്റെ കുടിശ്ശിക കൊടുത്തുതീർക്കാനുമുള്ള നടപടി സ്വീകരിക്കുന്നതും കൊപ്ര സംഭരണത്തിനായി എല്ലാ ബ്ലോക്ക് പഞ്ചായത്തിലും ഡ്രയർ സ്ഥാപിക്കുന്നതും കർഷക പെൻഷൻ കുടിശ്ശിക നൽകാനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി കർഷക സംഘടനകളുടെ യോഗം വീണ്ടും വിളിക്കുന്നതാണ്.

**(7) <u>കാർഷിക സർവ്വകലാശാലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>**

<u>ശ്രീമതി ഇ.എസ്. ബിജിമോൾ:</u> കാർഷിക സർവ്വകലാശാലയിലെ ഫാമുകളിൽ തൊഴിലാളികളെ നിയമിക്കുന്നതിനും കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ):</u> കേരള കാർഷിക സർവ്വകലാശാലയിൻകീഴിൽ മണ്ണുത്തിയിലും വെള്ളാണിക്കരയിലുമുള്ള ഫാമുകളിലെ കാഷ്വൽ തൊഴിലാളികളുടെ നിയമന ഉത്തരവിലെ സീനിയോറിറ്റിക്രമം സാമുദായിക സംവരണ ക്രമമനുസരിച്ച് മുൻകാല പ്രാബല്യത്തോടെ പുനർനിർണ്ണയിച്ചുകൊണ്ട്

സർവ്വകലാശാല ഭരണ സമിതിയുടെ തീരുമാനം വരുന്ന മുറയ്ക്ക് ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. കാഷ്വൽ തൊഴിലാളി കളുടെ നിയമനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ പഠിച്ച് രൂപരേഖ സമർപ്പിക്കാൻ രൂപീകരിച്ചിട്ടുള്ള നാലംഗ സമിതിയുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (8) <u>വിത്തുതേങ്ങയുടെ വില പുനർനിർണ്ണയം</u>

<u>ശ്രീ. ഇ.കെ. വിജയൻ:</u> നാദാപുരം മണ്ഡലത്തിലെ വിവിധ പഞ്ചായ ത്തുകളിൽ നിന്നും സംഭരിച്ച വിത്തുതേങ്ങയുടെ വില പുനർനിർണ്ണ യിക്കാനും കുടിശ്ശിക കൊടുത്തുതീർക്കാനും വിത്തുതേങ്ങയുടെ സംഭരണ ത്തിനായി നഴ്സറി ആരംഭിക്കാനും നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. മോഹനൻ):</u> കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡല ത്തിൽനിന്നും വിത്തുതേങ്ങ സംഭരിച്ച വകയിൽ 67,30,320 രൂപ 491 കർഷകർക്ക് 31-03-2012-ൽ നൽകിയിട്ടുണ്ട്. ഏപ്രിൽ-മേയ് മാസങ്ങളിൽ സംഭരിച്ച വിത്തുതേങ്ങയുടെ വില ഒരാഴ്ചയ്ക്കകം കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. നാദാപുരം മണ്ഡലത്തിൽ കോക്കനട്ട് ബയോ പാർക്കിന്റെ ഭാഗമായി പുതിയ പദ്ധതി കൊണ്ടുവരുന്നതാണ്.

## (9) <u>കോൾ കർഷക സംഘങ്ങൾക്ക് ആനുകൂല്യങ്ങൾ</u>

<u>ശ്രീ. പി.എ. മാധവൻ:</u> തൃശൂർ ജില്ലയിലെ കോൾ കർഷക സംഘങ്ങൾക്ക് അനുവദിച്ച വർദ്ധിപ്പിച്ച പമ്പിംഗ് സബ്സിഡിയും പ്രൊഡക്ഷൻ ബോണസും നൽകുന്നതിനും ഒന്നാംഘട്ട കോൾ വികസന ത്തിന് ഏറ്റെടുത്ത ഭൂമിയുടെ വില കൊടുക്കുന്നതിനും 100 കെ.വി.

ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): കോൾ മേഖലയിലെ ഉല്പാദന ബോണസ് ഹെക്ടറിന് 1000 രൂപയായും പമ്പിംഗ് സബ്സിഡി ഹെക്ടറിന് 750 രൂപയായും ഉയർത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. 100 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള ചെലവ് കൃഷി വകുപ്പ് വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഭൂമി ഏറ്റെടുത്ത വകയിൽ കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### (10) മേഴ്സിക്കുട്ടൻ അക്കാഡമിക്ക് ധനസഹായവും സന്തോഷ് ട്രോഫി ടീം ക്യാപ്റ്റന് സ്ഥലം അനുവദിക്കലും

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: മേഴ്സിക്കുട്ടൻ അക്കാദമിക്ക് ധനസഹായം നൽകുന്നതിനും സന്തോഷ്ട്രോഫി നേടിയ കേരള ടീം ക്യാപ്റ്റൻ ഇഗ്നേഷ്യസിന് വീട് വയ്ക്കുന്നതിനാവശ്യമായ സ്ഥലം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): എറണാകുളത്ത് തേവരയിൽ പ്രവർത്തിക്കുന്ന മേഴ്സിക്കുട്ടൻ അത്‌ലറ്റിക് അക്കാദമിക്ക് 2010-11, 2011-12 വർഷങ്ങളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇത്തരം അക്കാദമികൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനുപകരം സ്പോർട്ട്സ് കൗൺസിലിന്റെ കീഴിൽ 'എലൈറ്റ്' അക്കാദമി തുടങ്ങിക്കൊണ്ട് കുട്ടികൾക്ക് സൗജന്യമായി

പരിശീലനവും ഭക്ഷണവും താമസസൗകര്യവും കൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. 2004-ൽ സന്തോഷ് ട്രോഫി നേടിയ ശ്രീ. ഇഗ്നേഷ്യസ് സിൽവസ്റ്ററിന് വീട് വയ്ക്കുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് അഞ്ച് സെന്റ് ഭൂമി അനുവദിച്ചുകൊടുക്കുന്നതാണ്. ഫുട്ബോൾ താരമായിരുന്ന വി.പി. സത്യന് മരണാനന്തര ബഹുമതിയായി അർജുന അവാർഡ് നൽകുന്നതിന് കേന്ദ്രഗവൺമെന്റിനോട് ശുപാർശ ചെയ്തിട്ടുണ്ട്.

### (11) റെയിൽവേസ്റ്റേഷന്റെ വികസന പ്രവർത്തനങ്ങൾ

ശ്രീ. കെ. രാധാകൃഷ്ണൻ: ചേലക്കര മണ്ഡലത്തിലെ വള്ളത്തോൾ നഗർ റെയിൽവേസ്റ്റേഷന്റെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അവിടെ കൂടുതൽ ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കാനും സ്റ്റേഷൻ അഭിവൃദ്ധിപ്പെടുത്താനും നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വള്ളത്തോൾ നഗർ സ്റ്റേഷന് റൂഫ് സ്ഥാപിക്കേണ്ടതും ഷൊർണ്ണൂർ പ്രദേശത്തുള്ള ആളുകൾക്കുകൂടി പ്രയോജനകരമാകുംവിധം ലൈൻ നീട്ടേണ്ടതുമുണ്ട്. ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റേയും റെയിൽവേ ബോർഡിന്റേയും ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

### (12) കെ.എസ്.ഇ.ബി. ഭൂമി ലീസ് അടിസ്ഥാനത്തിൽ വിട്ടുകൊടുക്കുന്നതിന് നടപടി

ശ്രീ. ജോസഫ് വാഴക്കൻ: മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ പായിപ്ര ഗ്രാമപഞ്ചായത്തിൽ കെ.എസ്.ഇ.ബി.-യുടെ സബ് സ്റ്റേഷന് ഉപയോഗപ്പെടുത്തിയതിനുശേഷം മിച്ചമുള്ള ഭൂമി പായിപ്ര ഗ്രാമ പഞ്ചായത്തിന്

സ്റ്റേഡിയം-കം-അഗ്രിക്കൾച്ചറൽ മാർക്കറ്റ് നിർമ്മിക്കുന്നതിന് ലീസ് അടിസ്ഥാനത്തിൽ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പായിപ്ര ഗ്രാമപഞ്ചായത്തിലുള്ള കെ.എസ്.ഇ.ബി.-യുടെ ഭൂമിയിൽ 110 കെ.വി. ലൈൻ 220 കെ.വി. ആക്കാനുള്ള ശ്രമം നടക്കുകയാണ്. മൂവാറ്റുപുഴയുടെ വളർച്ചയ്ക്ക് വളരെ പ്രയോജനകരമായ ട്രെയിനിംഗ് സെന്ററുൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ നടത്താനും ഇലക്ട്രിസിറ്റി ബോർഡ് ഉദ്ദേശിക്കുന്നുണ്ട്. ബാക്കി ഭൂമിയുണ്ടെങ്കിൽ ഈ വിഷയം പരിശോധിക്കുന്നതാണ്.

### (13) റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര ആസ്ഥാനമാക്കി ഒരു റൂറൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കൊട്ടാരക്കര ആസ്ഥാനമാക്കി ഒരു റൂറൽ റീജിയണൽ ഓഫീസ് തുറക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. മറ്റ് സ്ഥലങ്ങളുടെ കാര്യം പരിഗണിക്കുമ്പോൾ കൊട്ടാരക്കര പരിഗണിക്കുന്നതാണ്.

### (14) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.) പ്രവർത്തനങ്ങൾ

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: വയനാട് ജില്ലയിൽ ഹയർ സെക്കന്ററി തലത്തിൽ നടപ്പിലാക്കിവരുന്ന ആർ.എം.എസ്.എ. പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്താനും ഇതിനാവശ്യമായ ഭൗതിക സൗകര്യങ്ങളുൾപ്പെടെ ഒരുക്കാനായി കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച തുക

ലാപ്സാക്കാതെ യഥാസമയം സംസ്ഥാന സർക്കാർ ആവശ്യമായ തുക അനുവദിക്കാനും ഭാഷാദ്ധ്യാപകരുടെ നിയമനം അടിയന്തരമായി നടത്തി പദ്ധതി നഷ്ടപ്പെടാതിരിക്കാനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): 2009–2010 വർഷത്തിൽ അപ്ഗ്രേഡ് ചെയ്ത 60 സ്ക്കൂളുകളുടെ കൂട്ടത്തിലുൾപ്പെട്ട വയനാട് ജില്ലയിലെ 12 സ്ക്കൂളുകളിൽ ഓരോ സ്ക്കൂളിനും കേന്ദ്ര ഗവൺമെന്റ് 20 ലക്ഷം രൂപ വീതം അനുവദിച്ച് സ്ക്കൂൾ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് കമ്മിറ്റിയുടെ പേരിലുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള തുക പശ്ചാത്തല സൗകര്യങ്ങളൊരുക്കുന്നതിന് അപര്യാപ്തമായതിനാൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ സഹായത്താൽ കെട്ടിടം പണി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് കെട്ടിടം പണി തുടങ്ങാനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്. ആർ.എം.എസ്.എ. പ്രകാരം രണ്ട് ഭാഷാ വിഷയങ്ങൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. സംസ്ഥാനത്ത് ത്രിഭാഷാ പദ്ധതിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന വിവരം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. 26-02-2011-ലെ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ ഓഫീസുകൾ തുടങ്ങുമെന്നും 2010-11 വർഷത്തിലെ ഫണ്ട് ലഭിച്ചശേഷം സ്റ്റാഫിനെ നിയമിക്കണമെന്നും നിർദ്ദേശമുണ്ടെങ്കിലും അന്തിമ തീരുമാനമായിട്ടില്ല.

## (15) അദ്ധ്യാപക തസ്തിക

ശ്രീ. സി. ദിവാകരൻ: കരുനാഗപ്പള്ളി ഗവൺമെന്റ് എച്ച്.എസ്.എസ്., വി.എച്ച്.എസ്.എസ്. എന്നിവിടങ്ങളിൽ ഡിവിഷനുകൾക്ക് ആനുപാതികമായി അദ്ധ്യാപക തസ്തിക സൃഷ്ടിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്ക്കൂളിൽ കോമേഴ്സ്, ഇക്കണോമിക്സ് വിഷയങ്ങളിൽ ജൂനിയർ എച്ച്.എസ്.എസ്.ടി. തസ്തികയുടെ അപ്ഗ്രഡേഷനും കമ്പ്യൂട്ടർ സയൻസ്, ഇംഗ്ലീഷ്, കോമേഴ്സ് വിഭാഗങ്ങളിൽ ഓരോ എച്ച്.എസ്.എസ്.ടി. തസ്തിക സൃഷ്ടിക്കുന്നതിനുമാവശ്യമായ പ്രാരംഭ പ്രവർത്തനം നടന്നുവരികയാണ്. വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 2011-12, 2012-13 അദ്ധ്യയന വർഷങ്ങളിൽ കരുനാഗപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ പുതുതായി കോഴ്സുകളോ ബാച്ചുകളോ അനുവദിച്ചിട്ടില്ല. 10-ഉം 20-ഉം ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചതിന് അധിക തസ്തിക സൃഷ്ടിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. സംസ്ഥാനത്ത് നടപ്പിലാക്കിയ അദ്ധ്യാപക പാക്കേജ് പ്രകാരം 2010-11 അദ്ധ്യയന വർഷത്തിൽ ഓരോ സ്ക്കൂളിലും നിലനിന്നിരുന്ന തസ്തിക പ്രസ്തുത സ്ക്കൂളുകളിൽ 2011-12 വർഷത്തിലും നിലനിറുത്തിയിരുന്നു. കുട്ടികളുടെ എണ്ണം യുണീക്ക് ഐഡന്റിഫിക്കേഷൻ നമ്പർ രീതിയിലൂടെ ശാസ്ത്രീയമായി എണ്ണി തിട്ടപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായാൽ ഓരോ സ്ക്കൂളിലേയും കുട്ടികളുടെ യഥാർത്ഥ കണക്ക് ലഭ്യമാവുകയും തസ്തിക നിർണ്ണയം നടത്തി അധിക ഡിവിഷനുകൾ അനുവദിക്കാൻ കഴിയുകയും ചെയ്യും. 2010-11 അദ്ധ്യയന വർഷങ്ങളിൽ ഓരോ സ്ക്കൂളിലും നിലവിലുണ്ടായിരുന്ന തസ്തികകൾ യു.ഐ.ഡി. പ്രകാരമുള്ള കണക്ക് ലഭ്യമാകുന്നതുവരെ 2012-13 വർഷത്തിലും നടപ്പിലാക്കുകയുണ്ടായി.

### (16) <u>മിനിസ്റ്റീരിയൽ സ്റ്റാഫ് നിയമനം</u>

<u>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ</u>: സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ തസ്തിക സൃഷ്ടിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്)</u>: സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്ക്കൂളുകളിൽ ക്ലാർക്ക്, പ്യൂൺ, സ്വീപ്പർ മുതലായ മിനിസ്റ്റീരിയൽ തസ്തിക സൃഷ്ടിച്ച് ഇതുവരെ ഉത്തരവുണ്ടായിട്ടില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലുണ്ടാകാവുന്ന സാമ്പത്തിക ബാധ്യതയും മറ്റെന്തെങ്കിലും ഓപ്ഷനുകളുണ്ടോയെന്ന കാര്യവും പരിശോധിച്ച് ഹയർ സെക്കന്ററി സ്ക്കൂളുകളിൽ മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

### (17) <u>എൻ.സി.സി. കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ആനുകൂല്യം</u>

<u>ശ്രീ. വി.പി. സജീന്ദ്രൻ</u>: സംസ്ഥാനത്ത് കര-വ്യോമ-നാവിക വിഭാഗങ്ങളിലായി പ്രവർത്തിച്ചുവരുന്ന എൻ.സി.സി. കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ആനുകൂല്യം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്)</u>: എൻ.സി.സി. കേഡറ്റുകളുടെ റിഫ്രഷ്മെന്റ് ആനുകൂല്യം 14 വർഷമായി പുതുക്കിയിട്ടില്ല. എൻ.സി.സി. ഡയറക്ടർ ജനറലാണ് റിഫ്രഷ്മെന്റ് ആനുകൂല്യം കാലാകാലങ്ങളിൽ പുതുക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നത്. സംസ്ഥാനത്ത് പ്രസ്തുത വിഷയത്തിന്മേൽ ഉത്തരവിനായുള്ള അപേക്ഷ എൻ.സി.സി. ഡെപ്യൂട്ടി ഡയറക്ടർ ജനറലിന് സംസ്ഥാന സർക്കാർ നൽകിയിട്ടുണ്ട്.

### (18) നോർക്ക റൂട്ട്സിൽ സ്ഥിര നിയമനം റദ്ദ് ചെയ്തതുസംബന്ധിച്ച്

ശ്രീ. എളമരം കരീം: നോർക്ക റൂട്ട്സിൽ 2011-ൽ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തിയ ഉത്തരവ് ദുർബലപ്പെടുത്തിയ നടപടി പുനഃപരിശോധിക്കുകയും ജീവനക്കാരുടെ സംരക്ഷണത്തിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): അംഗീകൃത തസ്തികയില്ലാതെ ദിവസ വേതന കരാറടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 16 ജീവനക്കാരെ കഴിഞ്ഞ ഗവൺമെന്റ് 24-02-2011-ൽ സ്ഥിരപ്പെടുത്തിയെങ്കിലും 2011 ജനുവരിക്കുശേഷമുള്ള തീരുമാനങ്ങൾ ക്യാബിനറ്റ് പുനഃപരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ തീരുമാനം ഗവൺമെന്റ് റദ്ദാക്കുകയും ഇതിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ സർക്കാർ നിലപാട് ശരിവയ്ക്കുകയും കേസ് ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലുമാണ്.

### (19) സാംസ്കാരിക സെക്രട്ടേറിയറ്റ് രൂപീകരണം

ശ്രീ. എം.പി. വിൻസെന്റ്: തൃശ്ശൂർ ജില്ലയിൽ സാംസ്കാരിക സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : തൃശൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സാഹിത്യ അക്കാഡമി, സംഗീത നാടക അക്കാഡമി ലളിതകലാ അക്കാഡമി ഇവയ്ക്കെല്ലാം ഉന്നത സാംസ്ക്കാരിക നായകന്മാർ അടങ്ങുന്ന ഭരണ സമിതികളുന്നിരിക്കെ കേരളത്തിലെ 14 ജില്ലകളുടേയും

സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ക്രോഡീകരിക്കാൻ ഒരു സാംസ്ക്കാരിക സെക്രട്ടേറിയറ്റ് എന്ന ആശയം പ്രായോഗികമല്ല. കേരളത്തിൽ ഒരു സാംസ്ക്കാരിക യൂണിവേഴ്സിറ്റി ആരംഭിച്ചാൽ അതിന്റെ ആസ്ഥാനം തൃശൂരിൽ സ്ഥാപിക്കുന്നതായിരിക്കും നല്ലത്.

**(20) ക്ഷീരകർഷകർക്ക് പെൻഷൻ**

ശ്രീ. വി. ശശി : 2007-നുമുമ്പ് ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗത്വമെടുത്തവർക്കുൾപ്പെടെ 60 വയസ്സ് പൂർത്തിയാക്കിയ എല്ലാ ക്ഷീരകർഷകർക്കും പെൻഷൻ ലഭിക്കുന്നതിനായി 2010-ലെ ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) നിയമത്തിലെ 4(ബി) വകുപ്പ് ഭേദഗതി ചെയ്യണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) : 2007 ഏപ്രിൽ 13-ന് നിലവിൽവന്ന ക്ഷീര കർഷക ക്ഷേമനിധി നിയമത്തിലേയും 2010-ൽ കൊണ്ടുവന്ന ഭേദഗതിയിലേയും ചില വകുപ്പുകൾ തമ്മിലുള്ള വൈരുദ്ധ്യം കൊണ്ടാണ് എല്ലാ ക്ഷീരകർഷകർക്കും പെൻഷൻ നൽകാൻ തടസ്സമുണ്ടായിരിക്കുന്നത്. 2007-ലെ ക്ഷീരകർഷക ക്ഷേമനിധി ആക്ട് പ്രകാരം ക്ഷേമനിധിയിൽ അംഗമായ ഏതൊരാളിനും സംഘത്തിൽ അംഗമായി പത്ത് വർഷമെങ്കിലും കുറഞ്ഞത് 500 ലിറ്റർ പാൽ സംഘത്തിൽ അളക്കുകയും 60 വയസ്സ് പൂർത്തിയാകുകയും ചെയ്താൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ് എന്ന രീതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

### (21) പന്തളം കുളനടയിലെ ആക്രമണം

ശ്രീ. കെ. ശിവദാസൻ നായർ: ചെങ്ങന്നൂർ ക്രിസ്റ്റ്യൻ കോളേജ് പരിസരത്ത് കഴിഞ്ഞദിവസം ഒരു എ.ബി.വി.പി. പ്രവർത്തകൻ കുത്തേറ്റ് മരണപ്പെട്ടതിനെത്തുടർന്നുണ്ടായ അക്രമസംഭവങ്ങൾക്ക് ഉത്തരവാദികളായ വർക്കെതിരേയും വർഗ്ഗീയ സംഘർഷത്തിനുള്ള സാഹചര്യം ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്കെതിരെയും കർശന നപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ചെങ്ങന്നൂർ ക്രിസ്റ്റ്യൻ കോളേജ് പരിസരത്തുവച്ച് എ.ബി.വി.പി. പ്രവർത്തകൻ കുത്തേറ്റുമരിച്ചതുമായി ബന്ധപ്പെട്ട കേസിലെ പ്രതികളിൽ ചില ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സാമുദായിക സംഘർഷ സാദ്ധ്യതയുള്ള പന്തളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സ്ഥലങ്ങളിൽ തുടർ അക്രമ പ്രവർത്തനങ്ങൾ നടക്കാതിരിക്കാൻ പോലീസിനെ നിയോഗിച്ചി ട്ടുണ്ട്.

### (22) കെ.എ. സുമേഷിനെ പീഡിപ്പിച്ചതു സംബന്ധിച്ച്

ശ്രീ. ജെയിംസ് മാത്യൂ: കിഴക്കേവെളപ്പിൽ കെ.എ. സുമേഷിനെ കണ്ണൂർ സർക്കിൾ ഓഫീസിൽ അതിക്രൂരമായ മർദ്ദനമുറകൾ പ്രയോഗിച്ച് പീഡിപ്പിച്ച ഡിവൈ.എസ്.പി. ഉൾപ്പെടെയുള്ള നാല് പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 20-02-2012-ന് ഐ.യു.എം.എൽ. പ്രവർത്തകനായ ഷുക്കൂറിനെ കുത്തിക്കൊലപ്പെടുത്തിയ കേസിലെ 32-ാം പ്രതിയായ കെ.എ. സുമേഷിനെ കസ്റ്റഡിയിലെടുക്കുകയും ഗവൺമെന്റ് ആശുപത്രിയിൽ

നടത്തിയ വൈദ്യപരിശോധയിൽ യാതൊരു പരിക്കുമില്ലെന്ന് വൂണ്ട് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. മെഡിക്കൽ ഓഫീസറുടെ മുമ്പാകെ സുമേഷ് യാതൊരു പരാതിയും പറഞ്ഞിട്ടില്ല. സുമേഷിനെ കോടതി ജയിലിലേയ്ക്ക് അയച്ചപ്പോൾ വൈദ്യസഹായം ആവശ്യമെങ്കിൽ നൽകാൻ വാറണ്ടിൽ നിർദ്ദേശിച്ചിരുന്നു. അതു പ്രകാരം അഡ്മിറ്റ് ആയിരുന്ന സമയത്ത് നടത്തിയ പരിശോധനകളിലൊന്നും ശാരീരികപീഡനം ഏറ്റതായി രേഖപ്പെടുത്തിയിട്ടില്ല.

## (23) സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റിയുടെ പേരിലുള്ള അഴിമതി

ശ്രീ. ഹൈബി ഈഡൻ: കൊച്ചിൻ ഷിപ്പ്യാർഡ് സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന്റെ ആഭിമുഖ്യത്തൽ ആരംഭിച്ച 'നടക്കാവ് പദ്ധതി' പ്രകാരം ഷിപ്പ്യാർഡിലെ **182** കുടുംബങ്ങളിൽ നിന്നും ലക്ഷക്കണക്കിന് രൂപവീതം വാങ്ങിയെങ്കിലും ഇവർക്ക് അർഹതപ്പെട്ട സ്ഥലം ഇപ്പോഴും രജിസ്റ്റർ ചെയ്തുകൊടുത്തിട്ടില്ല. ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണത്തിന് ഉത്തരവിട്ടിരുന്നുവെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം പൂർത്തിയാക്കി ഈ കുടുംബങ്ങൾക്ക് അർഹതപ്പെട്ട സ്ഥലം രജിസ്റ്റർ ചെയ്തുകൊടുക്കാൻ നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഈ കേസ് ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്. ഇതുസംബന്ധിച്ച് ഇന്ത്യൻ ശിക്ഷാ

നിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരം 17-07-2012-ൽ ഇക്കണോമിക് ഒഫൻസ് കോടതിയിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(24) മത്സ്യബന്ധനോപകരണങ്ങൾ തകർന്നുപോയവർക്ക് സഹായം**

ശ്രീ. വർക്കല കഹാർ: വർക്കല നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിലുണ്ടായ കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപകരണങ്ങൾ തകർന്നതുകാരണം കടക്കെണിയിൽപ്പെട്ട് ദുരിതമനുഭവിക്കുന്ന മത്സ്യതൊഴിലാളികൾക്ക് ധനസഹായം നൽകാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഇതുസംബന്ധിച്ച് ഫിഷറീസ് വകുപ്പിൽ 'മത്സ്യ സുരക്ഷാ' പദ്ധതി നിലവിലുണ്ടെങ്കിലും പദ്ധതിയിൽ ചേരാൻ മത്സ്യത്തൊഴിലാളികൾ മുന്നോട്ടുവരുന്നില്ല. മത്സ്യബന്ധനോപകരണങ്ങൾക്കായി ബാങ്കിൽനിന്ന് വായ്പയെടുത്ത മത്സ്യത്തൊഴിലാളികൾ പ്രീമിയം നിരക്ക് ഉയർന്നതാണെന്നതിനാൽ ഇൻഷ്വറൻസ് എടുക്കുന്നില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഇവർക്ക് ധനസഹായം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**(25) ആശ്വാസ് 2012-ന്റെ കാലാവധി**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ കുടിശ്ശിക നിവാരണത്തിനും കുടിശ്ശികകൾക്ക് ആശ്വാസം നൽകുന്നതിനുമായുള്ള ആശ്വാസ് 2012-ന്റെ കാലാവധി 2012 ഒക്ടോബർ മാസം 31 വരെ ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): നിക്ഷേപങ്ങളും

സെൻട്രൽ അപെക്സ് ബാങ്കുകളിൽ നിന്നുള്ള വായ്പയും ഉപയോഗിച്ച് വായ്പാവിതരണം നടത്തുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ആശ്വാസ് 2012-ന്റെ കാലാവധി ദീർഘിപ്പിക്കുന്നത് ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യം പരിഗണിക്കാൻ കഴിയുകയില്ല.

### (26) മാലിന്യ നിർമ്മാർജ്ജന പ്ലാന്റ്

ശ്രീ. സി. മമ്മൂട്ടി: തിരൂർ നഗരസഭയിൽ ഒരു ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): തിരൂർ നഗരസഭയ്ക്ക് പ്രത്യേകമായി ഒരു ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നത് സാമ്പത്തികമായി വയബിളല്ലാത്തതിനാൽ തിരൂർ നഗരസഭയുടെ ചുറ്റുപാടുമുള്ള മുനിസിപ്പാലിറ്റികളെക്കൂടി ഉൾപ്പെടുത്തി ഒരു ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### (27) ആയുർവേദ ആശുപത്രി

ശ്രീ. പി.കെ. ബഷീർ: അരീക്കോടുള്ള ആയുർവേദ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്താൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): ഇതുസംബന്ധിച്ച് പഞ്ചായത്തിന്റെ തീരുമാനപ്രകാരം ആവശ്യമായ ജീവനക്കാരുടെയും ഭൗതിക സാഹചര്യങ്ങളുടെയും ലഭ്യത ഉറപ്പുവരുത്തി നടപടി സ്വീകരിക്കുന്നതാണ്.

### (28) മറൈൻ ആംബുലൻസ് സംവിധാനം

ശ്രീ. റ്റി.വി. രാജേഷ്: കടൽക്ഷോഭമുണ്ടാകുമ്പോൾ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രഥമ ശുശ്രൂഷ നൽകി എത്രയുംപെട്ടെന്ന് കരയിലെത്തിക്കാൻ അത്യാധുനിക സൗകര്യങ്ങളുള്ള മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് കടലിൽവച്ചുണ്ടാകുന്ന അപകടങ്ങൾക്ക് പ്രഥമ ശുശ്രൂഷ നൽകാൻ ഉതകുന്ന അത്യാധുനിക സംവിധാനമുള്ള മറൈൻ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രായോഗികവും സാങ്കേതികവുമായ വശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

### (29) കനോലി കനാൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: കൊടുങ്ങല്ലൂർ, പൊന്നാനി, ബേപ്പൂർ, കോഴിക്കോട് തുറമുഖ നഗരങ്ങളെ ബന്ധിപ്പിക്കുന്ന കനോലി കനാൽ ഗതാഗതയോഗ്യമാക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): കൊല്ലം -കോട്ടപ്പുറം ജലപാത ദേശീയ ജലപാതയായി പ്രഖ്യാപിച്ചതിനുശേഷം ഇതിന് വടക്കുഭാഗത്തുള്ള സംസ്ഥാന ജലപാത 13-ാം ധനകാര്യ കമ്മിഷനിൽ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്താനായി ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിലുള്ള പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് കനോലി കനാൽ സഞ്ചാരയോഗ്യമാകുകയും ജല

ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും വമ്പിച്ച സാധ്യതകളുണ്ടാകുകയും ചെയ്യും.

**(30) മുനക്കൽ ബീച്ചിന്റെ വികസനം**

ശ്രീ. വി.എസ്. സുനിൽ കുമാർ: തൃശ്ശൂർ ജില്ലയിലെ അഴീക്കോട് മുനക്കൽ ബീച്ചിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് അനുവദിക്കുകയും അവിടെ ഒരു ഗസ്റ്റ് ഹൗസ് സ്ഥാപിക്കുകയും ചെയ്യണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): മുനക്കൽ ബീച്ചിന്റെ വികസനവുമായി ബന്ധപ്പെട്ട് തൃശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ റിപ്പോർട്ട് ലഭ്യമായാൽ വികസന പ്രവർത്തനത്തിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(31) ബൈപ്പാസ് റോഡ് നിർമ്മാണം**

ശ്രീ. സാജു പോൾ: പെരുമ്പാവൂരിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ബൈപ്പാസ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുത്ത് തുടർനടപടികൾ ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് നിരവധി യോഗങ്ങൾ നടന്നുകഴിഞ്ഞു. ഇപ്പോൾ അന്തിമ തീരുമാനം എടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അലൈൻമെന്റ് അന്തിമമായാൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

### (32) എലിവേറ്റഡ് ഹൈവേ

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി നഗരത്തിൽ എലിവേറ്റഡ് പാത നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): വടകര-കൊയിലാണ്ടി ഭാഗത്ത് സ്ഥലം ഏറ്റെടുക്കാൻ കഴിയാത്തത് നാഷണൽ ഹൈവേ പതിനേഴിന്റെ വികസനത്തെ ബാധിക്കുന്നതിനാൽ ബന്ധപ്പെട്ടവരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചേമ്പറിൽ ചേർന്ന് പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. കഴിയുമെങ്കിൽ അവിടെ എലിവേറ്റഡ് ഹൈവേ തന്നെ സ്ഥാപിക്കാൻ തീരുമാനിക്കും.

### (33) തെരുവ് നായ്ക്കളെ നിയന്ത്രിക്കൽ

ശ്രീ. രാജു എബ്രഹാം: ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് നിയമ നിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): തെരുവ് നായ്ക്കളുടെ എണ്ണം നിയന്ത്രിക്കുന്നതിന് അതാത് പഞ്ചായത്തുകൾ തെരുവുനായ നിയന്ത്രണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ആനിമൽ ആക്ട് പ്രകാരവും ഭരണഘടന അനുസരിച്ചും സുപ്രീം കോടതി തടഞ്ഞിരിക്കുന്നതിനാലും തെരുവ് നായ്ക്കളെ കൊല്ലുന്നത് ശിക്ഷാർഹമാണ്. ആനിബൽ ബെർത്ത് കൺട്രോൾ പ്രോഗ്രാമും ആന്റി റാബീസ് പ്രോഗ്രാമും നടപ്പിലാക്കുവാൻ ആനിമൽ വെൽഫയൽ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും മാദ്ധ്യമങ്ങ

ളിലൂടെ പ്രചരണം നടത്തുകയും ചെയ്തിട്ടുണ്ട്. പേവിഷബാധ നിയന്ത്രണത്തിന് ഭരണ സ്ഥാപനങ്ങൾവഴി പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പേവിഷബാധയ്ക്കെതിരെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുമുണ്ട്.

## <u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്ത് വച്ചു.

## <u>ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന</u>

### <u>സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ</u>

സംസ്ഥാനത്ത് സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ചും നിലവിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെ സംബന്ധിച്ചും ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ. അബ്ദു റബ്ബ് ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## <u>റിപ്പോർട്ട് സമർപ്പണം</u>

(1) 2012-ലെ കേരള സംസ്ഥാന സേവനാവകാശ ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2012-ലെ കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (സംരംഭം വില യ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) സബ്ജക്ട് കമ്മിറ്റി III, V, VI, VII, VIII, IX, XIII എന്നിവയുടെ 2011–12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാ മത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) സബ്ജക്ട് കമ്മിറ്റി X-ന്റെ 2011–12-ലെ ധനാഭ്യർത്ഥനകളുടെ പരി ശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ചട്ടം 239 (3) പ്രകാരമുള്ള റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.

(5) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2012 മാർച്ച് 31 വരെയുള്ള ആനുകാ ലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(6) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(7) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പത്തും പതിനൊന്നും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(8) സ്ത്രീകളുടേയും കുട്ടികളുടെയും വികലാംഗകരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ചട്ടങ്ങളുടെ ഭേദഗതിയുടെ പരിഗണന

### 2012-ലെ കേരള സഹകരണ സംഘങ്ങൾ (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എ.കെ. ബാലൻ: 14-02-2010-ലെ ജി.ഒ.(പി)നംപർ 14/2012/കോ-ഓപ്പറേഷൻ (എസ്.ആർ.ഒ.നം. 137/2012) മുഖേന പുറപ്പെടുവിച്ച 2012-ലെ സഹകരണ സംഘങ്ങൾ (ഭേദഗതി) ചട്ടങ്ങൾക്ക് താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. "Delete Rule 2(1)(i) proposing substitution in Rule 67(4) of the parent rule". കേരള കോ-ഓപ്പറേറ്റീവ് റൂൾ 67(4) പ്രകാരമാണ് സഹകരണ ആർബിട്രേഷൻ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ യോഗ്യത നിശ്ചയിച്ചിട്ടുള്ളത്. നിലവിലുള്ള റൂൾസ് പ്രകാരം പ്രിസൈഡിംഗ് ഓഫീസറുടെ യോഗ്യത പതിനഞ്ച് വർഷത്തെ അഭിഭാഷക പരിചയമെന്നത് ഈ ഭേദഗതിയോടെ ഏഴ് വർഷമാക്കി ചുരുക്കുകയാണ്. അത് ആർബിട്രേഷൻ കോടതിയുടെ ഫലപ്രദമായ പ്രവർത്തനത്തെ സാരമായി ബാധിക്കും. അഴീക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലുള്ള ആർബിട്രേഷൻ കോടതികളിൽ രണ്ട് പ്രിസൈഡിംഗ് ഓഫീസർമാരുടെ ഒഴിവ് വരാനിരിക്കുന്ന സാഹചര്യത്തിൽ ഈ രീതിയിലുള്ള റിലാക്സേഷൻ കൊടുക്കുന്നത് തെറ്റായ രൂപത്തിലുള്ള വ്യാഖ്യാനത്തിന് ഇടവരുത്തും. അതിനാൽ നിലവിലുള്ള ചട്ടം അതേ രൂപത്തിൽ നിലനിർത്തികൊണ്ട് ഗവൺമെന്റ് പ്രൊപ്പോസ് ചെയ്തിട്ടുള്ള Rule 2(1)(i) ഡിലീറ്റ് ചെയ്യണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): 1969-ലെ കേരള

സഹകരണ ചട്ടത്തിൽ ഭേദഗതി വരുത്തി ആർബിട്രേഷൻ കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ യോഗ്യത പത്തുവർഷത്തെ ബാർ എക്സ്പീരിയൻസും നിയമനം അഞ്ച് വർഷമെന്നും നിജപ്പെടുത്തുകയുണ്ടായി. 2009-ൽ ചട്ടം ഭേദഗതി ചെയ്ത് പ്രസ്തുത കാലയളവ് മൂന്നുവർഷമായി കുറച്ചു. പ്രസ്തുത ചട്ടത്തിൽ വീണ്ടും ഭേദഗതി വരുത്തി സർക്കാർ ജീവനക്കാർക്ക് ബാധകമായ റിട്ടയർമെന്റ് കാലയളവുവരെ പ്രിസൈഡിംഗ് ഓഫീസർക്ക് തുടരാമെന്ന നിലയിലാക്കി. ഒരു നിശ്ചിത കാലയളവിലേക്ക് നിയമിക്കപ്പെട്ട അഡ്വക്കേറ്റിനെ സർക്കാർ ജീവനക്കാർക്ക് ബാധകമായ റിട്ടയർമെന്റ് പ്രായം വരെ പ്രിസൈഡിംഗ് ഓഫീസറായി തുടരാൻ അനുവദിക്കുന്ന നടപടി ഉചിതമല്ലെന്ന് കണ്ടതിനാൽ നിയമാനുസൃതമായ നടപടിക്രമം പാലിച്ച് 14-02-2012-ലെ എസ്.ആർ.ഒ. നമ്പർ 137/2012-ലെ വിജ്ഞാപനപ്രകാരം ബാർ എക്സ്പീരിയൻസ് ഏഴ് വർഷമായി നിജപ്പെടുത്തുകയും സേവനകാലം 2009-ൽ നിലവിലുണ്ടായിരുന്ന മൂന്നുവർഷമായി പുനഃസ്ഥാപിക്കുകയും ചെയ്തിരിക്കുകയാണ്. തികച്ചും നീതിയുക്തവും സദുദ്ദേശപരവുമായ തീരുമാനമായതിനാൽ 14-02-2012-ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിലെ വ്യവസ്ഥ നീക്കം ചെയ്യണമെന്ന നിർദ്ദേശം സർക്കാരിന് അംഗീകരിക്കാൻ കഴിയില്ല.

(ഭേദഗതി 40 നെതിരെ 63 വോട്ടുകളോടെ സഭ നിരാകരിച്ചു.).

## <u>ധനകാര്യം</u>

### <u>2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വൊട്ടെടുപ്പും</u>

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ. കെ.ടി. ജലീൽ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്ന കാര്യത്തിൽ അടിയന്തര നടപടിയുണ്ടാകണം. പുതിയ സർക്കാർ കോളേജുകൾ ആരംഭിക്കണം. അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളും പട്ടികജാതി വികസനവകുപ്പിനുകീഴിൽ പാലക്കാട് ഒരു മെഡിക്കൽ കോളജും ആരംഭിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കണം. സ്വാശ്രയ കോളേജുകൾ അമിതമായി അനുവദിച്ചുകൊണ്ട് വിദ്യാഭ്യാസം കച്ചവടവൽക്കരിക്കാൻ ശ്രമിക്കുന്നത് വിമർശനാത്മകമാണ്. വിശദമായ പഠനം നടത്തിയതിനുശേഷം മാത്രമേ വിദേശ സർവ്വകലാശാലകൾക്ക് അനുമതി നൽകാവൂ. ആൾ ഇൻഡ്യ അലോട്ട്മെന്റിനുമുമ്പ് സംസ്ഥാന അലോട്ട്മെന്റുകൾ നടത്തി മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് വൻഅഴിമതിക്ക് വഴിയൊരുക്കിയ നടപടി ശരിയല്ല. പ്രവാസികളുടെ പണത്തിന് സേവന നികുതി ഏർപ്പെടുത്താനുള്ള കേന്ദ്ര ധന മന്ത്രാലയത്തിന്റെ തീരുമാനം റദ്ദുചെയ്ത് ഉത്തരവിറക്കുമെന്ന പ്രധാന മന്ത്രിയുടെ ഉറപ്പ് പാലിക്കപ്പെടണം. പ്രവാസികളിൽനിന്നും അമിത വിമാനക്കൂലി ഈടാക്കുന്ന എയർ ഇന്ത്യയുടെ ചൂഷണം തടയുന്നതിന് എയർ

കേരള എന്ന പുതിയൊരു ബദൽ സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. സി.പി. മുഹമ്മദ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനത്തിന് പ്രധാനപ്പെട്ടവയാണ് വിവരസാങ്കേതിക വിദ്യയും ബി.ടി.-യും ടൂറിസവും. ഐ.ടി.,. ബി.ടി. മേഖലകളിൽ സാമ്പത്തിക സുരക്ഷിതത്വമുള്ള ജോലികൾ സാധാരണക്കാർക്കും ലഭ്യമാകാനുതകുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസം നൽകുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കണം. ഫണ്ടുകളുടെ വിഭജനത്തിൽ നീതിപൂർവ്വമായ സമീപനം ഉണ്ടാകണം. നെൽവയൽ-നീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും മുന്നോട്ടുവരണം. എയർ ഇന്ത്യയുടെ ചൂഷണത്തിൽനിന്ന് പ്രവാസികളെ രക്ഷിക്കാൻ നടപടി സ്വീകരിക്കണം. സ്വാശ്രയ വിദ്യാഭ്യാസ രംഗം ഫലപ്രദമാക്കുന്നതിന് മാനേജ്മെന്റും ഗവൺമെന്റും തമ്മിൽ ധാരണയിലെത്തണം. പരിസ്ഥിതിക്ക് ദോഷമുണ്ടാക്കുന്ന വികസന പ്രവർത്തനങ്ങൾ അനുവദിക്കരുത്.

ശ്രീമതി ഇ.എസ്. ബിജിമോൾ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്ത് ചെലവഴിക്കപ്പെടുന്ന പണം ഫലപ്രദമാകുന്നുണ്ടോയെന്ന് പരിശോധിക്കണം. വികസന പ്രവർത്തനങ്ങൾ ചില പ്രദേശങ്ങളിൽ മാത്രമായി കേന്ദ്രീകരിച്ചിരിക്കുന്നതും പല സ്ഥലങ്ങൾക്കും പരിഗണന കിട്ടുന്നില്ലെന്നുള്ളതും ഗൗരവമായി പരിഗണിക്കേണ്ടതാണ്. കഴിഞ്ഞ ഒരു വർഷത്തിനകത്ത് പട്ടയവിതരണം ഫലപ്രദമാക്കാൻ റവന്യൂ വകുപ്പിന് സാധിച്ചിട്ടില്ല. ദേവികുളം, പീരുമേട് താലൂക്കുകളെ പട്ടയ വിതരണത്തിൽ നിന്നും ഒഴിവാക്കിയത് പ്രതിഷേധാർഹമാണ്. 140 കിലോമീറ്ററിൽ കൂടുതൽ ദൂരമോടുന്ന കെ.എസ്.ആർ.

ടി.സി. ബസ് സർവ്വീസുകൾ സൂപ്പർ ഫാസ്റ്റും എക്സ്പ്രസ്സും ആക്കുന്നതു വഴി ഇടുക്കി അടക്കം പല ജില്ലകളിലും കുട്ടികൾക്ക് യാത്രാനുകൂല്യം ലഭിക്കാത്ത അവസ്ഥയ്ക്ക് പരിഹാരം കാണണം. ഇടുക്കി പോലുള്ള ജില്ലകളിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ അപര്യാപ്തതകൾ പരിഹരിക്കണം.

<u>ശ്രീ. കെ.എൻ.എ. ഖാദർ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനും സാധാരണ ജനജീവതം മെച്ചപ്പെടുത്തുന്നതിനും സഹായകമായ ഉപധനാഭ്യർത്ഥനകളാണ് അവതരിപ്പിച്ചിട്ടുള്ളത്. ജനങ്ങളെ സ്വയം വളരാൻ സഹായിക്കുന്ന ഇക്കോണമിയാണ് ഈ കാലഘട്ടത്തിന്റെ ആവശ്യം. കൃഷിയെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനും കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാനും സാധിക്കണം. കാർഷിക മേഖലയ്ക്ക് ആവശ്യമായ സംരക്ഷണം നൽകി ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയണം. കേരളത്തിന്റെ സമ്പദ്വ്യവസ്ഥയ്ക്ക് അനുയോജ്യമായ നയങ്ങളുമായി ഈ സർക്കാർ മുന്നോട്ടു പോകുകയാണ്.

<u>ശ്രീ. എം. ഹംസ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ധനകാര്യ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതമൂലം നിയമസഭ പാസ്സാക്കിക്കൊടുത്ത പണംപോലും ചെലവഴിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. എട്ട് കേന്ദ്ര പദ്ധതികൾക്ക് അനുവദിച്ച പണം ലാപ്സാക്കിയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കണം. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ ഈ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. വാളയാർ ചെക്ക്പോസ്റ്റ് വീണ്ടും അഴിമതിയുടെ കേന്ദ്രമായി മാറിയിരിക്കുന്നു. ക്ഷേമപദ്ധതികളോ വികസന പ്രവർത്തനങ്ങളോ നടപ്പിലാക്കാൻ കഴിയുന്നില്ല. ധനകാര്യവകുപ്പിൽ അധികാരം

കേന്ദ്രീകരിക്കുന്ന നയത്തിൽ നിന്ന് പിന്മാറണം. ബില്ലുകൾക്ക് അനുമതി നൽകാനുള്ള അധികാരം അതാത് വകുപ്പുകൾക്ക് വികേന്ദ്രീകരിച്ച് നൽകുന്ന തുവഴി പണം ലാപ്സാകുന്നത് ഒഴിവാക്കാൻ സാധിക്കും. ഭീകരവാദി കൾക്കെതിരെ നിലപാട് സ്വീകരിക്കാൻ നിയമിച്ച ജുഡീഷ്യൽ കമ്മീഷനെ പിരിച്ചുവിട്ട നടപടി ശരിയല്ല. പോലീസ്-മാഫിയ ബന്ധം അവസാനിപ്പി ക്കണം. അധികാര വികേന്ദ്രീകരണം നടപ്പാക്കുന്നതിനും എം.എൽ.എ.-മാർക്ക് 0.25 കോടി രൂപ വീതം അസ്സെറ്റ് ഡെവലപ്മെന്റ് ഫണ്ട് അനുവദിക്കുന്ന തിനും നടപടിയുണ്ടാകണം.

ഡോ.എൻ. ജയരാജ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കാര്യക്ഷമമായ ധനകാര്യ മാനേജുമെന്റിലൂടെ പദ്ധതികൾ ആവിഷ്കരി ക്കാനും പ്രായോഗിക തലത്തിൽ എത്തിക്കാനുമുള്ള സർക്കാരിന്റെ ശ്രമങ്ങളെ അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് വികസനച്ചെലവും മൂലധനച്ചെ ലവും ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. പശ്ചാത്തല വികസന സൗകര്യത്തിന് കൂടുതൽ തുക വകയിരുത്താൻ സാധിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-ക്ക് കൂടുതൽ തുക വകയിരുത്തണം. നബാർഡിന്റെ വായ്പയ്ക്കായി 136 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചിട്ടുള്ളത്. നികുതി വരുമാനം വർദ്ധി പ്പിക്കാനും കടബാധ്യത കുറയ്ക്കാനും കഴിഞ്ഞിട്ടുണ്ട്. ക്ഷേമ പ്രവർത്തന ങ്ങൾക്ക് ഈ വർഷം 868 കോടി രൂപ മാറ്റിവച്ചിട്ടുള്ളത് ശ്രദ്ധേയമാണ്.

ശ്രീ. ബാബു എം. പാലിശ്ശേരി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ വിലക്കയറ്റം വർദ്ധിപ്പിക്കുന്നതാണ്. നിയോജക മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ പക്ഷപാതപരമായ സമീപനം സ്വീകരിക്കുന്നത് ശരിയല്ല. എൽ.ഡി.എഫ്.

സർക്കാരിന്റെ കാലത്ത് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ റോഡുകളുടെ പ്രവർത്തനങ്ങളാണ് ഇന്ന് പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നത്. ആസ്തി വികസന പദ്ധതിക്ക് തുക അനുവദിക്കുന്നതിലുള്ള അപാകത പരിഹരിക്കണം. സംസ്ഥാനത്ത് ഭൂമാഫിയകളെ നിയന്ത്രിക്കാൻ കഴിയണം. കശുമാവിൻ തോട്ടങ്ങളെ ഭൂപരിഷ്ക്കരണ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനെ ന്യായീകരിക്കാനാവില്ല. വനത്തിനകത്തും തോട്ടങ്ങളിലും കെട്ടിട നിർമ്മാണം നടത്തുന്നത് പരിസ്ഥിതി സന്തുലിതാവസ്ഥ തകരാനിടയാക്കും. പാട്ടക്കരാർ കാലാവധി കഴിഞ്ഞ ഭൂമി കൃത്രിമ രേഖയുണ്ടാക്കി പതിച്ചുകൊടുക്കാനുള്ള ശ്രമം അപലപനീയമാണ്. ഭക്ഷ്യവിഷബാധ തടയാൻ നടപടി സ്വീകരിക്കണം. ചെറുകിട ഹോട്ടലുകളിൽ റെയ്ഡ് നടത്തുന്നതോടൊപ്പം വൻകിട ഹോട്ടലുകളിലും റെയ്ഡ് നടത്താൻ തയ്യാറാകണം.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗ്രാമീണ മേഖലയിൽ അടിസ്ഥാന സൗകര്യവികസനവും പദ്ധതികളും നടപ്പിലാക്കുന്ന കാര്യത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഈ സർക്കാർ കൈവരിച്ച പുരോഗതി പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കരുത്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 1065 കോടി രൂപ ചെലവഴിച്ചത് ശ്ലാഘനീയമാണ്. പി.എം.ജി.എസ്.വൈ. റോഡുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ തീരുമാനമെടുത്തത് സ്വാഗതാർഹമാണ്. തൊഴിൽ സംരംഭക മിഷൻ വഴി യുവാക്കളെ തൊഴിൽ സംരംഭകരും ദാതാക്കളുമാക്കി മാറ്റുന്ന നടപടി അഭിനന്ദനാർഹമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്റുകളാക്കാനും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻവഴി ഒരു വർഷം

നാൽപതിനായിരം പേർക്ക് തൊഴിൽ കൊടുക്കാനും കഴിഞ്ഞിട്ടുണ്ട്. ജീവന ക്കാരുടെ പെൻഷൻ പ്രായം ഉയർത്തുന്ന തീരുമാനത്തിൽനിന്നും സർക്കാർ പിൻമാറണം. സേവനാവകാശ നിയമം മാതൃകാപരമായി നടപ്പിലാക്കാനുള്ള നിയമനിർമ്മാണം സ്വാഗതാർഹമാണ്. സഹകരണ മേഖലയിൽ നന്മ സ്റ്റോർ ആരംഭിച്ചത് വിലക്കയറ്റം പിടിച്ചുനിറുത്താനുതകുന്നതാണ്. പരിയാരം മെഡിക്കൽ കോളേജിലെ പി.ജി. അഡ്മിഷനുമായി ബന്ധപ്പെട്ട ക്രമക്കേടു കളെക്കുറിച്ച് അന്വേഷിക്കണം. അദ്ധ്യാപക പാക്കേജ് നടപ്പിലാക്കി യതുപോലെ അനദ്ധ്യാപക പാക്കേജിനും അംഗീകാരം നൽകാൻ നടപടിയുണ്ടാകണം. ചെങ്ങന്നൂരിൽ ബൈപ്പാസിന് അനുവാദം നൽകണം. പൊതുമരാമത്ത് വകുപ്പിന് 1120 കോടി രൂപ അധികമായി അനുവദിച്ചത് സ്വാഗതാർഹമാണ്. നിയോജകമണ്ഡലങ്ങളിലെ അടിസ്ഥാന സൗകര്യവികസ നത്തിന് കൂടുതൽ തുക അനുവദിക്കണം.

ശ്രീ. മാത്യു റ്റി. തോമസ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ അത്യന്താപേക്ഷിതമായ വികസന കാര്യങ്ങൾക്കുപോലും പണം ചെലവഴിക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. കർഷകത്തൊഴിലാളി പെൻഷൻ, നെല്ലിന്റെ സംഭരണ വില എന്നിവ നൽകു ന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കണം. നഗരവികസനം, ശുദ്ധജല വിതരണവും ശുചീകരണവും, പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം, ജലസേചനം, കൃഷി തുടങ്ങി വിവിധ ധനാഭ്യർത്ഥനകൾക്കായി നിയമസഭ അനുവദിച്ച തുകയുടെ ഭൂരിഭാഗവും ചെലവഴിക്കാൻ കഴിയാത്ത നടപടി പ്രതിഷേധാർഹമാണ്. പദ്ധതിയേതര ഇനത്തിലുള്ള തുക ചെലവഴിക്കുന്ന കാര്യത്തിലും ഈ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കരാറുകാരുടെ

കുടിശ്ശിക കൊടുത്തുതീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പദ്ധതിക്കായും ദേശീയപാത വികസനത്തി നാവശ്യമായ സ്ഥലം ഏറ്റെടുക്കാനും മോട്ടോർ വാഹന വകുപ്പിൽ എൻഫോ ഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ആർ.ടി.ഒ.-കൾ സ്ഥാപിക്കുന്നതിനും തുക അനുവദിക്കണം. മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഫണ്ട് ഉപയോഗപ്പെടുത്തുന്നത് അപഹാസ്യമാണ്. എസ്റ്റിമേറ്റ് തുക വർദ്ധിച്ചതനസുരിച്ചുള്ള മാച്ചിംഗ് ഗ്രാന്റ് നൽകി കുട്ടനാട് പാക്കേജ് പദ്ധതി മുന്നോട്ടുകൊണ്ടുപോകണം. പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് കുട്ടനാട്ടിൽ കരിങ്കൽ ബണ്ട് നിർമ്മിക്കുന്നതിനെക്കുറിച്ച് ശാസ്ത്രീയ അഭിപ്രായം തേടണം. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ ബി.എസ്.എൻ.എൽ.-മായി ഏർപ്പെട്ടിരുന്ന എം.ഒ.യു. റദ്ദ് ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കണം. പദ്ധതി പ്രവർത്തനം നടത്താത്തതും പൊതുവിതരണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരി ക്കാത്തതും അപലപനീയമാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലി ക്കുന്നു. വികസനവും കരുതലും എന്ന മുദ്രാവാക്യം അക്ഷരാർത്ഥത്തിൽ പാലിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. ഇ-ഗവേണൻസ് പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതും 2013-ഓടെ എല്ലാ പഞ്ചായത്തു കളിലും ഒപ്റ്റിക്കൽ ഫൈബർ ബ്രോഡ് ബാൻഡ് സിസ്റ്റവും 4 ജി.-യും ലഭ്യമാക്കുന്നതും ശ്ലാഘനീയമാണ്. ക്ഷേമപദ്ധതികളിലൂടെ ലഭിക്കേണ്ട തുക

ഉപഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതിനും 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കരാറുകൾക്ക് ഇ-ടെന്റർ സമ്പ്രദായം ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. സേവനാവകാശ നിയമം കൊണ്ടുവരാൻ മുൻകയ്യെടുത്ത ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. സർക്കാർ ആശുപത്രികളിൽ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് മരുന്ന് സൗജന്യമായി നൽകുമെന്ന പ്രഖ്യാപനവും കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിനുള്ള തീരുമാനവും ആശ്വാസകരമാണ്. നിത്യോപയോഗ സാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴിയും റേഷൻ ഷോപ്പുകൾ വഴിയും ന്യായ വിലയ്ക്ക് വിതരണം ചെയ്യാനുള്ള സർക്കാരിന്റെ നടപടി ശ്ലാഘനീയമാണ്. പി.ഡബ്ള്യു.ഡി. റോഡുകൾ മെച്ചപ്പെടുത്താനും എല്ലാ എം.എൽ.എ.-മാർക്കും 5 കോടി രൂപ വീതം അവരുടെ നിയോജകമണ്ഡലങ്ങളിലെ വികസനപ്രവർത്തനങ്ങൾക്കായി അനുവദിക്കാൻ തയ്യാറായതും അഭിനന്ദനാർഹമാണ്. അഡ്മിഷൻ തുടങ്ങുന്നതിനുമുമ്പ് സ്വാശ്രയ മാനേജ്മെന്റുകളുമായി കരാറിൽ ഏർപ്പെടാൻ കഴിഞ്ഞത് സർക്കാരിന്റെ ഇച്ഛാശക്തിയെ സൂചിപ്പിക്കുന്നതാണ്. വികസനകാര്യത്തിൽ സാം പിട്രോഡയുടെ പത്ത് പദ്ധതികൾ നടപ്പിലാക്കാനും എമർജിംഗ് കേരളയിലൂടെ കേരളത്തിന്റെ വികസന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കുന്ന പദ്ധതികൾക്ക് തുടക്കം കുറിക്കാനും സാധിക്കുമെന്നത് പ്രശംസനീയമാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പെട്രോളിന്റെ വില വർദ്ധിപ്പിച്ചതുവഴി ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ നടപടി വിമർശനാത്മകമാണ്. രൂപയുടെ മൂല്യത്തകർച്ച വീണ്ടെടുക്കാൻ സാധിക്കാത്തത് ഗൗരവമായി

കാണേണ്ടതാണ്. പ്ലാന്റേഷൻ മേഖലയിലുള്ള ഭൂമിയിൽ അഞ്ച് ശതമാനം മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്ന തീരുമാനം പുനഃപരിശോധിക്കണം. വികസന സങ്കൽപം പ്രകൃതിപക്ഷമാക്കണം. വികസനമെന്നാൽ ജി.ഡി.പി.-ക്കുപകരം ജി.എൻ.പി.-യെന്ന ആധുനിക സങ്കൽപമുള്ള കാലഘട്ടത്തിൽ ബഡ്ജറ്റിലെ പൊതുരീതിയും പൊതുനീതിയും തിരുത്തപ്പെടണം.

ശ്രീ. തോമസ് ഉണ്ണിയാൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റവന്യൂകമ്മിയും ധനക്കമ്മിയും കുറച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തികാടിത്തറ ശക്തിപ്പെടുത്താനും വികസനോന്മുഖമായ ചെലവുകൾ വർദ്ധിപ്പിക്കാനും സാധിച്ച മികച്ച ധനകാര്യ മാനേജുമെന്റാണ് സംസ്ഥാനത്തുള്ളത്. സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. നബാർഡ്, ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾവഴിയുള്ള വായ്പകൾ പുനഃസ്ഥാപിക്കാൻ സാധിച്ചു. ഭൂരഹിതർക്ക് ഫ്ളാറ്റ് നിർമ്മിച്ചുകൊടുക്കുന്ന സാഫല്യം പദ്ധതിയും പ്രാദേശിക വികസന ഫണ്ട് ഒരു കോടി രൂപയായി വർദ്ധിപ്പിച്ച നടപടിയും ശ്ലാഘനീയമാണ്. നിയോജകമണ്ഡലങ്ങളുടെ വികസനത്തിനായി ആസ്തി വികസന ഫണ്ടിലൂടെ ഓരോ വർഷവും 5 കോടി രൂപ നൽകുന്ന പദ്ധതി സ്വാഗതാർഹമാണ്. വിവിധ തട്ടുകളിലായി ഫയലുകൾ കൈകാര്യം ചെയ്യുന്നതുമൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റവന്യൂ വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. നീതിന്യായ വ്യവസ്ഥിതിയിൽ ഇ-കോർട്ട് പദ്ധതി നടപ്പിലാക്കുന്നത് വ്യവഹാരങ്ങൾക്ക് ദ്രുതഗതിയിൽ തീർപ്പുകൽപ്പിക്കാൻ ഉതകുന്നതാണ്. ഭൂരഹിതരില്ലാത്ത കേരളം

പദ്ധതിയും ക്ഷേത്രകലകളെ പരിപോഷിപ്പിക്കുന്ന നടപടിയും അഭിനന്ദനാർഹ മാണ്. കേരള സംസ്ഥാന യുവജന കമ്മീഷൻ സ്ഥാപിക്കുന്നതിനുള്ള ആസ്തി വികസന ഫണ്ട് വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്.

ശ്രീ. വി.ഡി. സതീശൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, ജലസേചനം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങിയ ജനങ്ങളെ ബാധിക്കുന്ന പ്രധാന മേഖലകൾ നേരിടുന്ന ഗുരുതരമായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് സമന്വയമുണ്ടാകണം. ജി.എസ്.ഡി.പി.-യിൽ അഗ്രിക്കൾച്ചറിനും അലൈഡ് ഇൻഡസ്ട്രിക്കുമുള്ള ഷെയർ ഗണ്യമായി കുറഞ്ഞത് പരിശോധിക്കപ്പെടണം. നെൽകൃഷി വ്യാപിപ്പിക്കാനും കൃഷിക്കാർക്ക് ആത്മവിശ്വാസം പകരാനും കഴിയണം. ആരോഗ്യ രംഗത്ത് യൂണിവേഴ്സൽ ഹെൽത്ത് കെയർ എന്ന മഹത്തായ ലക്ഷ്യം മുൻനിറുത്തിക്കൊണ്ടുള്ള അടിസ്ഥാനപരമായ മാറ്റത്തിന് തയ്യാറാകു കയും ഹെൽത്ത് ഡെലിവറി സിസ്റ്റം ഊർജ്ജസ്വലവും കാര്യക്ഷമവു മാക്കുകയും ചെയ്യണം. മുതിർന്ന പൗരന്മാരേയും ദൂരസ്ഥലങ്ങളിൽ താമസി ക്കുന്നവരേയും ആദിവാസികളുൾപ്പെടെയുള്ള ദുർബല വിഭാഗങ്ങളേയും ആരോഗ്യ നയത്തിൽ ഉൾപ്പെടുത്തണം. സർക്കാർ ആശുപത്രികളിൽ സൗജന്യമായി മരുന്ന് വിതരണം ചെയ്യാനുള്ള തീരുമാനം സ്വാഗതാർഹമാണ്. സാമൂഹ്യ സംഘർഷങ്ങൾ നിലനിൽക്കുന്ന പശ്ചാത്തലത്തിൽ മാനസികാരോ ഗ്യത്തിനും കൗൺസിലിംഗിനും കൂടുതൽ പ്രാധാന്യം നൽകണം. ജനങ്ങ ളുടെ ജീവിത നിലവാരത്തിൽ മാറ്റങ്ങൾ വരുത്താനുതകുന്ന പദ്ധതികൾക്ക് മാത്രം അംഗീകാരം കൊടുക്കണം. പാരിസ്ഥിതിക ആഘാതങ്ങളെക്കു റിച്ചുള്ള പഠനം നടത്താതെ ഒരു പദ്ധതിയും കേരളത്തിൽ നടപ്പിലാക്കരുത്. ഗവൺമെന്റ് ഭൂമി തിരിച്ചുപിടിച്ച് ലാന്റ് ബാങ്കിൽ സംരക്ഷിക്കപ്പെടണം.

പാട്ടക്കാലാവധി കഴിഞ്ഞ ഭൂമിയും പാട്ടക്കരാർ ലംഘിക്കപ്പെട്ട ഭൂമിയും തിരിച്ചുപിടിക്കണം. പ്ലാന്റേഷൻ മേഖലയുടെ 5 ശതമാനം ഭൂമി ടൂറിസത്തിനും ഓർഗാനിക് ഫാമിംഗിനും ഉപയോഗിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം. പാരിസ്ഥിതികമായ പ്രശ്നങ്ങളുണ്ടാവുകയും ഭൂമാഫിയ ശക്തിപ്പെടുകയും ഭൂപരിഷ്ക്കരണ നിയമത്തിന്റെ അടിസ്ഥാന തത്വങ്ങൾ തകർക്കപ്പെടുകയും ചെയ്യുമെന്നതിനാൽ വളരെ ശ്രദ്ധയോടുകൂടി മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ പാടുള്ളൂ.

<u>ഡോ. ടി.എം. തോമസ് ഐസക്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ ധനനില ഭദ്രമാക്കാൻ കഴിഞ്ഞതാണ് മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്നത് അംഗീകരിക്കാൻ തയ്യാറാകണം. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നതിനേക്കാൾ കൂടുതൽ തുക ചെലവഴിക്കാനും കൂടുതൽ വരുമാനമുണ്ടാക്കാനും ഇപ്പോൾ കഴിഞ്ഞിട്ടുണ്ടോയെന്ന് പരിശോധിക്കണം. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച 5000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ഈ ഗവൺമെന്റ് പിൻവലിച്ചിരിക്കുകയാണ്. കേരളത്തിന്റെ ഇന്നത്തെ വികസന സാധ്യതകൾ മനസ്സിലാക്കി പരോക്ഷമായി വിഭവങ്ങൾ സമാഹരിച്ച് പ്രയോജനപ്പെടുത്തുന്നതിന് ഈ സർക്കാരിന് സാധിക്കുന്നില്ല. ട്രഷറി സേവിംഗ്സ് ബാങ്കിന്റെ സാധ്യതകളെ പൂർണ്ണമായി നിരാകരിക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. ശമ്പളവും പെൻഷനും സ്വകാര്യ ബാങ്കുകൾ വഴിയാക്കുന്നതിന്റെ ഫലമായി പലിശയിനത്തിൽ കിട്ടുമായിരുന്ന തുക നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഇ.എം.എസ്. പാർപ്പിട പദ്ധതിക്ക് സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കാനുള്ള പഞ്ചായത്തുകളുടെ

അവകാശം എടുത്തുകളഞ്ഞ നടപടി ശരിയല്ല. കാർഷിക സർവ്വകലാശാലയിൽ നിന്നും റിട്ടയർ ചെയ്തവർക്ക് പെൻഷൻ കൊടുക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. അധ്യാപകർക്ക് വളരെ നാളുകളായി തുടർന്നുവരുന്ന റിട്ടയർമെന്റ് ഏകീകരണം ഭരണപരമായ സൗകര്യത്തിനായി ബാക്കിയുള്ള ജീവനക്കാർക്കുകൂടി ബാധകമാക്കിയതല്ലാതെ കേരളത്തിൽ പെൻഷൻ പ്രായം ഉയർത്തുകയില്ല എന്ന നിലപാടാണ് എൽ.ഡി.എഫ്. സർക്കാർ സ്വീകരിച്ചത്. നെൽവയൽ-നീർത്തട സംരക്ഷണ നിയമം പാസ്സാക്കുന്നതിനുമുമ്പ് കൃത്യമായ ഡാറ്റാ ബാങ്ക് തയ്യാറാക്കണമെന്നും പത്ത് വർഷം മുമ്പുള്ള ഭൂമി റെഗുലറൈസ് ചെയ്യണമെന്നുമുള്ള എൽ.ഡി.എഫ്.-ന്റെ തീരുമാനത്തിനുവിരുദ്ധമായി ഡാറ്റാ ബാങ്ക് തയ്യാറാക്കാതെയും നിയമം പാസ്സാകുന്നതിനുമുൻപുള്ള മുഴുവൻ ഭൂമിയും റഗുലറൈസ് ചെയ്യാനുമുള്ള നടപടിയിലേക്കാണ് യു.ഡി.എഫ്. ഗവൺമെന്റ് നീങ്ങുന്നത്. വെറ്ററിനറി യൂണിവേഴ്സിറ്റിയിൽ ബി.എസ്.എൻ.എൽ.-ന്റെ നിർമ്മാണവിഭാഗം വഴി നടപ്പാക്കാനുറപ്പിച്ചിരുന്ന കെട്ടിടംപണിയുടെ കരാർ റദ്ദാക്കി ടെന്റർ എക്സ്സസ് നൽകി നടപ്പാക്കാൻ തീരുമാനമെടുത്തതിനെക്കുറിച്ച് വ്യക്തമാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സഭയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഈ വർഷം ഉപധനാഭ്യർത്ഥനയിൽ 616 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തെ കാർഷിക മേഖലയിൽ കൂടുതൽ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും തൊഴിൽ ലഭ്യതയും ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ നയം. വികസനത്തിന്റെ

പാതയിലേക്ക് സംസ്ഥാനത്തെ നയിക്കുക എന്നുള്ളതാണ് സർക്കാരിന്റെ ലക്ഷ്യം. കാർഷിക മേഖലയിൽ ഈ വർഷം 112 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. വളർച്ചാനിരക്ക് വർദ്ധിപ്പിക്കാനും ജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്താനുമായിട്ടാണ് സ്കിൽ അക്വിസിഷൻ പ്രോഗ്രാമും സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാമും നടപ്പിലാക്കുന്നത്. സർവ്വീസ് സെക്ടറിൽ അടിസ്ഥാനപരമായ മാറ്റങ്ങളാണ് വന്നിട്ടുള്ളത്. മൂലധനച്ചെലവ് ഈ വർഷം 6,555 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം ജോലി ചെയ്ത 1,05,000 പേർക്ക് 1000 രൂപവച്ച് 10.50 കോടി രൂപയും മത്സ്യതൊഴിലാളികൾക്ക് സമാശ്വാസം നൽകുന്നതിനായി 10.57 കോടി രൂപയും കൊടുത്തിട്ടുണ്ട്. ഓണം കിറ്റ് നൽകുന്നതിനായി 17 കോടി രൂപയുടെ സാംഗ്ഷൻ നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇതുവരെ ട്രഷറി ബാനോ ഓവർഡ്രാഫ്റ്റോ ഉണ്ടായിട്ടില്ല. ക്ഷേമ പെൻഷനുകൾ കുടിശ്ശികയില്ലാതെ കൊടുത്തുതീർത്തിട്ടുണ്ട്. വികസനച്ചെലവും നികുതി പിരിവും വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. പെട്രോൾ-ഡീസൽ വില വർദ്ധനവുണ്ടായപ്പോൾ അതുവഴി സർക്കാരിന് കിട്ടുന്ന നികുതി വരുമാനം വേണ്ടെന്നുവച്ചിട്ടുണ്ട്. ചെക്പോസ്റ്റുകളിൽനിന്നും 669 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന് 5 കോടി രൂപ വരെയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ അധികാരം നൽകിയിട്ടുണ്ട്. 2011-12-ൽ പി.ഡബ്ലിയു.ഡി.-ക്ക് മാത്രം 2280 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിക്ക് 1050 കോടി രൂപയുടെ ഫൈനാൻഷ്യൽ സാംഗ്ഷൻ നൽകിയി

ട്ടുണ്ട്. കോൺട്രാക്ടർമാർക്ക് 2012 മാർച്ച് 31 വരെയുള്ള കുടിശ്ശിക കൊടുത്തുതീർത്തിട്ടുണ്ട്. സംസ്ഥാനത്ത് മൊത്തത്തിൽ ചെലവ് വർദ്ധിച്ചിരിക്കുകയാണ്. ഈ വർഷത്തെ പദ്ധതികൾക്ക് 90 ശതമാനം ഭരണാനുമതി നൽകുകയും ട്രഷറിയിൽ നിന്നുള്ള ഔട്ട്ഫ്ളോ 14,048 കോടി രൂപയായി ഉയരുകയും ചെയ്തിട്ടുണ്ട്. നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് കൊടുക്കാനുള്ള തുക ബാങ്കിൽ നിന്നും കടമെടുത്ത് കൊടുക്കുന്നതാണ്. ഒരു കാർഷികോല്പന്നത്തിന് വില കുറഞ്ഞാൽ പ്ലാന്റേഷൻ സ്റ്റാറ്റസ് നഷ്ടപ്പെടാതെ അഞ്ച് ശതമാനം ഭൂമി മറ്റൊരു കൃഷിക്കായി ഉപയോഗിക്കണമെന്ന നിർദ്ദേശം ഇംപ്ലിമെന്റ് ചെയ്യുന്ന അവസരത്തിൽ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നതായിരിക്കും. ഹഡ്കോയിൽ നിന്നും വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): നബാർഡിന്റെ സഹായത്തോടെ ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങൾ ബി.എസ്.എൻ.എൽ.-നെ ഏൽപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ധാരണാപത്രം ഒപ്പുവച്ചെങ്കിലും കരാർ ഒപ്പിടുന്നതിനുമുമ്പ് വെറ്ററിനറി സർവ്വകലാശാലയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമാണെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിലാണ് കരാർ റദ്ദാക്കിയിട്ടുള്ളത്. സർവ്വകലാശാലയുടെ ക്യാമ്പസുകൾ വികസിപ്പിച്ചെടുക്കേണ്ടത് ആവശ്യമാണെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ അപേക്ഷകൾ പരിഗണിച്ചശേഷം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്

സംബന്ധിച്ച് തീരുമാനമെടുക്കുന്നതും സർവ്വകലാശാലയുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതുമായിരിക്കും.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നീതി ന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാ

ഭ്യർത്ഥനയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന

XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. കൂടാതെ പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 59-നെതിരെ 71 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.08-ന് പിരിഞ്ഞു.

* * * * * * * * * * * * * * *